
Official Monthly Bulletin April 2020

# MARIAN



St.Mary's Indian Orthodox Cathedral
P.O.Box 834, Manama Kingdom of Bahrain, 17252980 17276092
info@stmarysbahrain.com www.stmarybahrain.com, /smiocbh





## ഇടയസന്ദേശം

### ''ത്രിയേക ദൈവത്തിന് സ്തുതി''

കർത്താവിൽ പ്രിയരെ,

പരിശുദ്ധമായ വലിയ നോമ്പിന്റെ പൂർത്തീകരണത്തിലേയ്ക്കും ഉയിർപ്പ് പെരുന്നാളിന്റെ മഹത്വരമായ അനുഭവത്തിലേയ്ക്കും നാം എത്തിച്ചേർന്നിരിക്കുന്നു. മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി ദേവാലയ ആരാധനയിലെ നേരിട്ടുള്ള സംബന്ധം കോവിഡ് 19 എന്ന മഹാമാരിയുടെ പശ്ചാത്തലത്തിൽ നമുക്ക് വിലക്കപ്പെട്ടിരിക്കുന്നു. ദൈവവിശ്വാസികളുടെ മനസ്സിന് ഏറെ പ്രയാസം സൃഷ്ടിച്ചിരിക്കുന്ന ഈ ഒരവസ്ഥയിൽ ഭവനസഭാ എന്ന ആദിമ ക്രിസ്തീയ കൂട്ടായ്മയുടെ അനുഭവത്തിലേക്ക് ഒരു നിർബന്ധിത മടങ്ങിപ്പോക്ക് നമുക്കും അനിവാര്യമായിത്തീർന്നിരിക്കുന്നു. കുടുംബ കൂട്ടായ്മകൾ ശക്തിപ്പെടുത്തുവാനും സങ്കേതിക വിദ്യയിലൂടെ സംജാതമാകുന്ന ആരാധനയൂടെ വിദൂര പങ്കാളിത്തം പ്രയോജനപ്പെടുത്തുവാനും നമുക്ക് സാധ്യമായിത്തീരണം. വിശ്വാസത്തെ ചോദ്യം ചെയ്യുന്നതും ദൈവീകതയിൽ നിന്ന് പിന്തിരിപ്പിക്കുന്നതുമായ ഒട്ടനവധി പരീക്ഷണങ്ങൾ നമ്മുടെ ആത്മീയ ജീവിതത്തിന് വെല്ലുവിളികൾ ഉയർത്തുന്ന ഒരു സ്ഥിതി വിശേഷവും ഈ കാലഘട്ടത്തിന്റെ പ്രത്യകതയാണ്. ചൊല്ലിനും ചോറിനുമൊപ്പം നമ്മിൽ അടിയുറച്ച വിശ്വസ ജീവിതത്തിൽ നൈമിഷികമായി ഉയർത്തപ്പെടുന്ന ഈ കാറ്റും കോളുമൊന്നും ഏശാതിരിപ്പാൻ നാം ഏറെ ശ്രദ്ധിക്കണം. ഉത്ഥിതനായ ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നൽകിയ വലിയ സന്ദേശം ഭയപ്പെടേണ്ട എന്നുള്ളതാണ്. കൊറോണ വൈറസിന്റെ ഭീതിയിൽ കഴിയുന്ന നമുക്കും ഭയപ്പെടേണ്ട എന്ന ക്രിസ്തുവിന്റെ ആശ്വാസവചനം നമ്മിൽ പ്രത്യാശയുടെ തിരിനാളങ്ങൾ ഉയർത്തണം. ഉയിർപ്പിനോടനുബന്ധിച്ചുള്ള ഒരാഴ്ച്ചക്കാലം ഹേവോറോ ദിനങ്ങൾ എന്നാണ് അറിയപ്പെടുന്നത്. ആദിമ സഭയിൽ ഉയിർപ്പ് പെരുനാളിൽ മാമോദീസ സ്വീകരിച്ചിരുന്നവർ തങ്ങൾക്ക് ലഭിച്ച വിശുദ്ധീകരണത്തിന്റെ പ്രതീകമായി ധരിച്ചിരുന്ന വെള്ള വസ്ത്രത്തിൽ നിന്നാണ് വെണ്മയുടെ ദിനങ്ങൾ എന്നർത്ഥമുള്ള ഹേവോറോ ദിനങ്ങളുടെ ഉത്ഭവം. പരിശുദ്ധ മാമോദീസായിലൂടെ നാം ധരിച്ചിരിക്കുന്ന വിശുദ്ധിയുടെ അനുഭവങ്ങളെ ഓർമ്മിപ്പിച്ചെടുക്കുന്നതിനും അതിൽ നിലകൊള്ളുന്നതിനും ഈ ദിനങ്ങൾ നമുക്ക് ഉപയുക്തമാകണം. പരിശുദ്ധനായ ഗീവറുഗ്ഗീസ് സഹദായുടെ ഓർമ്മപ്പെരുന്നാളും ഈ ഏപ്രിൽ മാസം 23-ാം തീയതി ആചരിക്കപ്പെടുകയാണല്ലോ. തിന്മയുടെയും പൈശാചികതയുടെയും പ്രതീകമായ വ്യാളിയെ നിഹനിയ്ക്കുന്ന പരിശുദ്ധന്റെ മദ്ധ്യസ്ഥത കൊറോണ എന്ന വ്യാധിയെ നിഗ്രഹിക്കുന്നതിനു ഇടയാകട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം. ഏവർക്കും ഉയിർപ്പ് പെരുന്നാളിന്റെ ഹൃദയം നിറഞ്ഞ ആശംസകൾ.

ക്രിസ്തുവിൽ നിങ്ങളുടെ ഇടയർ

ഫാ. ഷാജി ചാക്കോ
(വികാരി)
frshajichacko@gmail.com
Mob:39445358

ഫാ. ബിജുമോൻ ഫിലിപ്പോസ് കാട്ടുമറ്റത്തിൽ
(അസി. വികാരി)
frkpvarghese@gmail.com
Mob:39584020





കർത്താവിൽ പ്രിയ സഹോദരി സഹോദരങ്ങളെ,

നമ്മെ അനുദിനം വഴി നടത്തുന്ന കരുണാമയനായ ദൈവത്തിന് നന്ദി കരേറ്റാം. ലോകം മുഴുവൻ ഗ്രസ്സിച്ചു കൊണ്ടിരിക്കുന്ന കൊറോണ രോഗബാധയിൽ നമ്മടെ സമൂഹ ആരാധനകൾ എല്ലാം നിന്നു പോയി എന്നൊരു വിഷമത്തിലാണ് നാം മുന്നോട്ടു പോകുന്നത്. അങ്ങനെ എന്തുകൊണ്ട് എന്നൊരു ചോദ്യം നമ്മോടു തന്നെ പല പ്രാവശ്യം ചോദിച്ചിട്ടുണ്ടാകാം. എന്നാൽ ചില കാര്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക എന്നത് അസാധ്യമാണ്. അവിടെയാണ് ശാസ്ത്രം തോറ്റു പോകുന്നതും ഈശ്വര സങ്കല്പം പുനർ ജനിക്കുകയും ചെയ്യുന്നത്. പ്രപഞ്ചം മുഴുവൻ കാൽകീഴിലാണെന്ന മനുഷ്യന്റെ അഹന്തയ്ക്കും, പ്രകൃതി ചൂഷണത്തിനും ലഭിക്കുന്ന തിരിച്ചടികളാണ് കോവിഡ് പോലുള്ള മഹാമാരികൾ എന്ന് നാം തിരിച്ചറിയേണ്ടിരിക്കുന്നു.

അസന്നിഗ്ദതയുടെ ഈ കാഘട്ടത്തിലും ദേവാലയ നിർമ്മാണം മുന്നോട്ട് പോകുന്നു എന്നെഴുതാൻ സന്തോഷമുണ്ട്. അതിനുവേണ്ടി അഹോരാത്രം പണിപ്പെട്ടുകൊണ്ടിരിക്കുന്ന സി.ബി.ഇ.ഇ.സി. അംഗങ്ങളെ ദൈവസന്നിധിയൽ സമർപ്പിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഇടവക ജനങ്ങൾക്ക് ആരാധന ഭവനങ്ങളിലിരുന്ന് കാണുന്നതിനും പങ്കെടുക്കുന്നതിനുമുള്ള സൗകര്യമാണ് ലൈവ് സ്ട്രിമിങ്ങിലൂടെ മാനേജിംഗ് കമ്മിറ്റി ഒരുക്കിയത്. അതിന് പിന്നിൽ പ്രവർത്തിച്ചുക്കൊണ്ടിരിക്കുന്ന എല്ലാ കമ്മിറ്റി അംഗങ്ങളോടുമുള്ള സ്നേഹം അറിയിക്കുന്നു.

നമ്മുടെ കർത്താവിന്റെ കഷ്ടാനഭവ ദിനങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. നേരിട്ട് ആരാധനകളിൽ പങ്കെടുക്കാൻ കഴിയുന്നില്ലെങ്കിലും ഭവനങ്ങളിലിരുന്നു കൊണ്ട് ആരാധനകളിൽ ഹൃദയ പൂർവ്വം പങ്കുചേരാൻ അഭ്യർത്ഥിക്കുന്നു.

ഏവർക്കും ഉയിർപ്പിന്റെ ധൈര്യവും പ്രത്യാശയും ആശംസകളും നേർന്നു കൊള്ളുന്നു.

സ്നേഹത്തോടെ,

സി. കെ. തോമസ്
(കത്തീഡ്രൽ ട്രസ്റ്റി)

ജോർജ്ജ് വർഗ്ഗീസ്
(കത്തീഡ്രൽ സെക്രട്ടറി)

# St.Mary's Indian Orthodox Cathedral

P.O.Box 834, Manama Kingdom of Bahrain 17252980 17276092
info@stmarysbahrain.com www.stmarybahrain.com /smiocbh

## Holy Week Services

**3rd April - 11th April 2020**



Chief Celebrant:
*Fr. Shaji Chacko (Vicar)*

Assisted By:
*Fr. Biju Philipose (Asst. Vicar)*



Palm Sunday
4th April Saturday
6.15 To 10.00PM



Maundy Thursday
8th April Wednesday
6.15 To 10.00PM



Good Friday
10th April Friday
7.30 To 02.30PM



Easter Service
11th April Saturday
6.30 Onwards

| Date | Time | Event | Telecast Details |
|---|---|---|---|
| 03/04/2020 Friday | 06.30 AM To 09.00 AM | Morning Prayer & Holy Qurbana. **$40^{th}$ day of Great Lent** | **Live Telecast** |
| 04/04/2020 Saturday | 06.15 AM To 08.30 AM | Morning Prayer & Holy Qurbana. **Lazarus Saturday** | |
| | 06.15 PM To 10.00 PM | Evening Prayer & Holy Qurbana. **Palm Sunday Service** **(ഓശാന ഞായർ)** | **Live Telecast** |
| 05/04/2020 Sunday | 06.30 AM | Morning Prayer | |
| | 07.00 PM To 08.30 PM | Evening Prayer & Devotional Address | **Live Telecast** |
| 06/04/2020 Monday | 06.15 AM To 07.30 AM | Night & Morning Prayer | |
| | 12.30 PM | $3^{rd}$, $6^{th}$, & $9^{th}$ Hour Prayers | |
| | 07.00 PM To 08.30 PM | Evening Prayer & Devotional Address | **Live Telecast** |
| 07/04/2020 Tuesday | 06.15 AM To 07.30 AM | Night & Morning Prayer | |
| | 12.30 PM | $3^{rd}$, $6^{th}$, & $9^{th}$ Hour Prayers | |
| | 07.00 PM To 08.30 PM | Evening Prayer & Devotional Address | **Live Telecast** |
| 08/04/2020 Wednesday | 06.15 AM To 07.30 AM | Night & Morning Prayer | |
| | 12.30 PM | $3^{rd}$, $6^{th}$, & $9^{th}$ Hour Prayers | |
| | 06.15 PM To 10.00 PM | Evening Prayer & **Maundy Thursday Holy Qurbana** **(പെസഹാ പെരുന്നാൾ)** | **Live Telecast** |
| 09/04/2020 Thursday | 06.15 AM To 07.30 AM | Night & Morning Prayer | |
| | 12.30 PM | $3^{rd}$, $6^{th}$, & $9^{th}$ Hour Prayers | |
| | 07.00 PM To 08.30 PM | Evening Prayer & Devotional Address | **Live Telecast** |
| 10/04/2020 Friday | 07.30 AM To 02.30 PM | **Good Friday Service** (Canonical Liturgy & Veneration of the Holy Cross) **(വലിയ വെള്ളി)** | **Live Telecast** |
| | 07.00 PM onwards | Evening Prayer & Vigil Prayer | |
| 11/04/2020 Saturday | 06.15 AM To 08.30 AM | Morning Prayer & Holy Qurbana. **Holy Saturday** | |
| | 06.30 PM onwards | Evening Prayer & **Easter Service followed by Holy Qurbana** **(ഉയിർപ്പ് പെരുന്നാൾ)** | **Live Telecast** |

Rev. Fr. Shaji Chacko (Vicar) · Rev. Fr. Biju Philipose (Asst. Vicar) · C.K. Thomas (Hon. Trustee) · George Varghese (Hon. Secretary)

*Jesus Christ our Lord is Risen.....*
*Indeed He is Risen!*

*Happy Easter*

**Notes:**

1. **All Services will be conducted by priests at the Cathedral. Kindly note there will not be any public participation due to the current situation.**
2. **Please observe the Passion Week as usual with prayers at your residence.**
3. **Live telecast link details will be updated, in advance for every service. Please follow the telecast link on our Facebook page/ Website/ Youtube.**

## Heartfelt Condolence


Former Cathedral Member

**Mathew Paul (70)**

Elanjimoottil Kochupurakkal

Thiruvalla

Taken to Heavenly abode on 26.03.2020



## Heartfelt Condolence



Former Cathedral Member

**Aswathy George (67)**

W/o Late George Varghese

Koithot Grace Cottage

Palakkad

Taken to Heavenly abode on 31.03.2020

*Editorial Board*

| | | |
|---|---|---|
| *Chief Editor* | : | *Manekshaw P. Caruthedathu* |
| *Editors* | : | *Prince Bahanan* |
| | | *Basil Babu* |



# Feast Of St.George

## On Friday 24th April 2020

## Holy Qurbana & Intercessory Prayer